2026
July
08
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# അദാനി ഗ്രൂപ്പ് ഇനി മിസൈൽ നിർമാണ മേഖലയിലേക്കും, 2500 കോടി നിക്ഷേപിക്കും

**ന്യൂഡൽഹി:** അദാനി ഗ്രൂപ്പ് ഇനി മിസൈൽ നിർമാണ മേഖലയിലേക്കും. ദക്ഷിണേഷ്യയിൽ സ്വകാര്യ മേഖലയിൽ ആരംഭിക്കുന്ന ഏറ്റവും വലിയ മിസൈൽ നിർമാണ ഇക്കോസിസ്റ്റത്തിൽ 2500 കോടി രൂപയുടെ നിക്ഷേപം നടത്താൻ അദാനി ഡിഫൻസ് ആൻഡ് എയ്റോസ്പേസ്. അദാനി എന്റർപ്രൈസസിന് കീഴിലുള്ള കമ്പനിയാണിത്. മധ്യപ്രദേശിലെ ശിവപുരിയിൽ നിർമിക്കുന്ന കേന്ദ്രത്തിന് കഴിഞ്ഞ ദിവസം തറക്കല്ലിട്ടു. നേരിട്ടും അല്ലാതെയും 5000 വിദഗ്ധ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ പദ്ധതിക്കാവും. അടുത്ത മൂന്നു വർഷങ്ങൾക്കുള്ളിൽ പ്രവർത്തന സജ്ജമാകും. അമ്പതിലധികം സൂക്ഷ്മ ചെറുകിട ഇടത്തര സംരംഭങ്ങൾക്ക് (എംഎസ്എംഇ) പിന്തുണയേകാനും പദ്ധതിക്ക് കഴിയുമെന്നും അദാനി ഗ്രൂപ്പ് പറഞ്ഞു.



വിവിധ മിസൈൽ പദ്ധതികൾ ആധുനിക സാങ്കേതിക വിദ്യയുടെയും ഓട്ടോമേറ്റഡ് സംവിധാനത്തിലൂടെയും നടപ്പിലാക്കാവുന്ന കേന്ദ്രമായിരിക്കും ഇത്. ഇന്ത്യൻ സൈന്യത്തിന്റെ പ്രതിരോധ ശേഷി വർധിപ്പിക്കാനും വിദേശരാജ്യങ്ങളിലേക്ക് മിസൈൽ കയറ്റുമതി നടത്താനും കേന്ദ്രത്തിനാകും. ഡിആർഡിഒ വികസിപ്പിക്കുന്ന തദ്ദേശീയ മിസൈൽ സാങ്കേതിക വിദ്യകൾ പരീക്ഷിക്കാനും വ്യവസായിക ഉൽപാദനത്തിലേക്ക് എത്തിക്കാനും ഇതിലൂടെ കഴിയുമെന്നും അദാനി ഗ്രൂപ്പ് പറയുന്നു. മധ്യദീർഘദൂര മിസൈൽ സംവിധാനങ്ങൾക്കൊപ്പം സംയോജിത പ്രൊപ്പലന്റ്, ടിഎൻടി, സ്ഫോടക ശേഷിയുള്ള വസ്തുക്കൾ എന്നിവ ഒരൊറ്റ കുടക്കീഴിൽ നിർമിക്കുകയാണ് ലക്ഷ്യം. ഇന്ത്യയിൽ സ്വകാര്യ മേഖലയിൽ ഇത്തരമൊരു കേന്ദ്രം ഇതാദ്യമാണ്. പദ്ധതി പൂർത്തിയാകുന്നതോടെ മിസൈൽ മേഖലയിൽ വിദേശ രാജ്യങ്ങളെ ആശ്രയിക്കുന്നത് ഇന്ത്യക്ക് കുറയ്ക്കാനാകുമെന്ന് അദാനി ഡിഫൻസ് ഡയറക്ടർ ജീത് അദാനി പറഞ്ഞു. 2020 മുതൽ രാജ്യത്തെ പ്രതിരോധ മേഖലയിൽ സാന്നിധ്യം അറിയിച്ച കമ്പനിയാണ് അദാനി ഡിഫൻസ്. മധ്യപ്രദേശിലെ ഗ്വാളിയോറിൽ ചെറുകിട ആയുധങ്ങൾ നിർമിക്കാനുള്ള കേന്ദ്രം അദാനി ഡിഫൻസിനുണ്ട്. ഇവിടെ നിർമിക്കുന്ന പിസ്റ്റൾ, ലൈറ്റ് മെഷിൻ ഗൺ, റൈഫിൾ തുടങ്ങിയ ആയുധങ്ങൾ ഇന്ത്യൻ സൈന്യം ഉപയോഗിക്കുന്നുമുണ്ട്.

# സഹകരണ മേഖലയിൽ ലൈഫ് ഇൻഷുറൻസ് കമ്പനിയുമായി കേന്ദ്രം

**ന്യൂഡൽഹി:** രാജ്യത്ത് സഹകരണമേഖലയിൽ ലൈഫ് ഇൻഷുറൻസ് കമ്പനി സ്ഥാപിക്കുമെന്ന പ്രസ്താവനയുമായി കേന്ദ്രമന്ത്രി അമിത് ഷാ. ഓൺലൈൻ ടാക്സി കമ്പനികൾക്ക് ബദലായി സഹകരണരംഗത്ത് 'ഭാരത് ടാക്സി' എന്ന സംരംഭം ആരംഭിച്ചതിന്റെ ചുവടുപിടിച്ചാണ് ലൈഫ് ഇൻഷുറൻസ് മേഖലയിലേക്കുമുള്ള ചുവടുവയ്പ്.

കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ 5ാം സ്ഥാപക ദിനാഘോഷത്തിൽ സംസാരിക്കവേയാണ് അമിത് ഷാ ഇക്കാര്യം പറഞ്ഞത്. നിലവിൽ സഹകരണ മേഖലയിൽ നിന്ന് ജനറൽ ഇൻഷുറൻസ് രംഗത്ത് സാന്നിധ്യമായൊരു കമ്പനിയുണ്ട് ഇഫ്കോ ടോക്കിയോ ജനറൽ ഇൻഷുറൻസ്. ലൈഫ് ഇൻഷുറൻസിലേക്കുള്ള ചുവടുവയ്പ് ആദ്യമാണ്.

അതേസമയം ലൈഫ് ഇൻഷുറൻസ് കമ്പനിയുടെ വിശദാംശങ്ങൾ, ഉടമസ്ഥ്യവിവരങ്ങൾ എന്നിവയെക്കുറിച്ചോ ഇൻഷുറൻസ് റുഗലേറ്ററി ആൻഡ് ഡവലപ്മെന്റ് അതോറിറ്റി ഓഫ് ഇന്ത്യയോട് (ഐആർഡിഎഐ) അനുമതി തേടുന്നത് സംബന്ധിച്ചോ അമിത് ഷാ വ്യക്തമാക്കിയിട്ടില്ല.

ഭാരത് ടാക്സിക്ക് ഫെബ്രുവരി 5ന് ആയിരുന്നു തുടക്കം. അടുത്ത 2 വർഷത്തിനകം ഭാരത് ടാക്സി സേവനം എല്ലാ സംസ്ഥാനങ്ങളിലുമായി 500 നഗരങ്ങളിലേക്ക് വ്യാപിപ്പിക്കുമെന്ന് അമിത് ഷാ പറഞ്ഞു. ഇന്ത്യയിലാകെ 8.5 സഹകരണ സൊസൈറ്റികളുണ്ട്; അവയിലായി 30 കോടി അംഗങ്ങളും. സഹകരണ രംഗത്തെ പരമ്പരാഗത മേഖലകളായ ക്ഷീരമേഖല, പഞ്ചസാര, വളം, ബാങ്കിങ് എന്നിവയ്ക്കപ്പുറം ഇപ്പോൾ വാഹന ഗതാഗതം, ലൈഫ് ഇൻഷുറൻസ് എന്നിവയിലേക്കും സാന്നിധ്യമറിയിക്കുകയാണെന്ന് അമിത് ഷാ പറഞ്ഞു.

അനുകൂല സാഹചര്യം മുൻനിർത്തിയാണ് സഹകരണ മേഖലയിൽ ലൈഫ് ഇൻഷുറൻസ് സ്ഥാപനം ആരംഭിക്കാനുള്ള കേന്ദ്ര നീക്കം. ഇൻഷുറൻസ് രംഗത്ത് നേരിട്ടുള്ള 100% വിദേശ നിക്ഷേപത്തിന് കേന്ദ്രം അനുമതി നൽകിയിരുന്നു. മാത്രമല്ല, കഴിഞ്ഞവർഷം ലൈഫ്, ആരോഗ്യ ഇൻഷുറൻസ് പോളിസികളിന്മേലുള്ള ജിഎസ്ടി 18 ശതമാനത്തിൽ നിന്ന് പൂർണമായി വെട്ടിക്കുറച്ച് പൂജ്യവുമാക്കി. ഇന്ത്യയിലിപ്പോൾ 20ലേറെ കമ്പനികൾ ലൈഫ് ഇൻഷുറൻസ് രംഗത്തുണ്ട്. പൊതുമേഖലാ കമ്പനിയായ എൽഐസിയാണ് ഏറ്റവും വലുത്. അതേസമയം, ഇന്ത്യയിൽ ഇപ്പോഴും 5 ശതമാനത്തിൽ താഴെ ആളുകൾക്കേ ഇൻഷുറൻസ് കവറേജുള്ളൂ. അതായത്, മുന്നിൽ ഇനിയും വലിയ സാധ്യതകൾ തുറന്നുകിടക്കുന്നു. ഈ പശ്ചാത്തലത്തിലാണ് സഹകരണ മേഖലയിലും ലൈഫ് ഇൻഷുറൻസ് കമ്പനിയെന്ന ആശയം കേന്ദ്രം ആലോചിക്കുന്നത്. 'അമുൽ' പോലെ ലോകതലത്തിൽതന്നെ സാന്നിധ്യമാകാൻ കരുത്തുള്ള കമ്പനികളെ സഹകരണമേഖലയിൽ സൃഷ്ടിക്കുകയാണ് കേന്ദ്രലക്ഷ്യം.

# 1459 കോടി രൂപയുടെ നിക്ഷേപ അവസരം, ഈ ആഴ്ച വിപണിയിലെത്തുന്നത് 4 ഐപിഒകൾ

**മുംബൈ:** ഈ ആഴ്ച്ച നാലു കമ്പനികൾ പ്രാഥമിക ഓഹരി വിൽപന വഴി ഓഹരി വിപണിയിലേക്കു കടക്കാനൊരുങ്ങുകയാണ്. കുസുംഗർ, ലേസർ പവർ ആൻഡ് ഇൻ ഫ്ര എന്നിവയാണ് മെയിൻ ബോർഡ് വിഭാഗത്തിൽ. 1392 കോടിയാണ് ഈ കമ്പനികൾ സമാഹരിക്കാൻ ലക്ഷ്യമിടുന്നത്. ഹാപ്പി സ്റ്റീൽസ്, ദേവ്സൺ കാറ്റലിസ്റ്റ് എന്നിവയാണ് എസ്എംഇ വിഭാഗത്തിലുള്ള കമ്പനികൾ. 67.43 കോടി രൂപ സമാഹരിക്കുകയാണ് ഈ കമ്പനികളുടെ ലക്ഷ്യം.




കുസുംഗർ ഐപിഒ 8 മുതലാണ്. 10വരെ അപേക്ഷിക്കാം. ഓഹരിക്ക് 398419 രൂപയാണ് പ്രൈസ് ബാൻഡ്. പൂർണമായും ഓഫർ ഫോർ സെയിൽ (ഒഎഫ്എസ്) ആണ്. ലേസർ പവർ ഐപിഒ 9ന് ആരംഭിക്കും. 13 വരെയാണ് അപേക്ഷിക്കാവുന്നത്. 742 കോടി രൂപയാണ് കമ്പനി സമാഹരിക്കുന്നത്. ഇതിൽ 542 കോടി രൂപയുടെ ഫ്രഷ് ഇഷ്യുവും 200 കോടിയുടെ ഒഎഫ്എസുമുണ്ട്. പ്രൈസ് ബാൻഡ് പുറത്തുവിട്ടിട്ടില്ല.

ഹാപ്പി സ്റ്റീൽസ്, ദേവ്സൺ കാറ്റലിസ്റ്റ് എന്നിവയുടെ ഐപിഒയും 9ന് ആരംഭിക്കും. 25 കോടി രൂപയാണ് ഹാപ്പി സ്റ്റീൽസ് സമാഹരിക്കുന്നത്. പൂർണമായും പുതിയ ഓഹരികളാണ് ഇഷ്യൂ ചെയ്യുന്നത്. 6266 രൂപയാണ് പ്രൈസ് ബാൻഡ്. 42.34 കോടി രൂപ സമാഹരിക്കാനാണ് ദേവ്സൺ ലക്ഷ്യം. 39.39 കോടിയുടെ ഫ്രഷ് ഇഷ്യുവും 2.95 കോടി രൂപയുടെ ഒഎഫ്എസും ഇതിലുണ്ട്.



# സമിതി രൂപീകരിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) വിദ്യാർഥികൾ ഉന്നയിച്ച സർവകലാശാലയുടെ ഫീസ് ക്രമീകരണവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ പഠിക്കുന്നതിനായി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ. എം. ജുനൈദ് ബുഷിരി ഏഴംഗ സമിതി രൂപീകരിച്ചു. സിൻഡിക്കേറ്റ് സ്റ്റാൻഡിങ് കമ്മിറ്റി ഓൺ ഫിനാൻസ് ആൻഡ് പർച്ചേസിന്റെ കൺവീനർ, ഫിനാൻസ് ഓഫീസർ, സ്കൂൾ ഓഫ് എൻവയോൺമെന്റൽ സ്റ്റഡീസ് പ്രൊഫസർ ഡോ. വി. ശിവാനന്ദൻ ആചാരി, മെക്കാനിക്കൽ എൻജിനീയറിങ് വിഭാഗം പ്രൊഫസർ ഡോ. ഗിരീഷ്കുമാരൻ തമ്പി ബി. എസ്., സെന്റർ ഫോർ ബജറ്റ് സ്റ്റഡീസ് ഡയറക്ടർ ഡോ. സന്തോഷ് കുമാർ പി. കെ., കുസെക് പ്രിൻസിപ്പാളും പ്രൊഫസറുമായ ഡോ. പ്രീഥ മാത്യു കെ., ജോയിന്റ് രജിസ്ട്രാർ (അക്കാദമിക്) എന്നിവരാണ് സമിതിയിലെ അംഗങ്ങൾ. ജോയിന്റ് രജിസ്ട്രാർ (അക്കാദമിക്) സമിതിയുടെ കൺവീനറായിരിക്കും. സമിതി രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കാൻ നിർദേശിച്ചിട്ടുണ്ട്.

## കുസാറ്റ്: റിയൽ ടൈം അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) വിവിധ വകുപ്പുകളിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ നടത്തുന്നു.

### മറൈൻ ജിയോളജി ആൻഡ് ജിയോഫിസിക്സ് വകുപ്പ്

എംഎസ് സി മറൈൻ ജിയോളജി, എംഎസ് സി മറൈൻ ജിയോഫിസിക്സ് എന്ന പ്രോഗ്രാമുകളിലേക്കുള്ള ഒന്നാം റിയൽ ടൈം അഡ്മിഷൻ ജൂലൈ 8ന് രാവിലെ 10:30ക്ക് കുസാറ്റ് ലേക്സൈഡ് ക്യാമ്പസ്സിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 9446666327, 9869801448

### അപ്ലൈഡ് എക്കണോമിക്സ് വകുപ്പ്

എംഎ അപ്ലൈഡ് എക്കണോമിക്സ് പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 8ന് രാവിലെ 10 മണിക്ക് കുസാറ്റ് അപ്ലൈഡ് എക്കണോമിക്സ് വകുപ്പിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 8547881732, 04842862561

### അറ്റ്മോസ്ഫെറിക് സയൻസ് വകുപ്പ്

എംഎസ് സി മീറ്റിയോറോലൊജി പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 9ന് രാവിലെ 11 മണിക്ക് കുസാറ്റ് അറ്റ്മോസ്ഫെറിക് സയൻസ് വകുപ്പിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 04842863804

### ഫിസിക്കൽ ഓഷ്യാനോഗ്രഫി

എംഎസ് സി ഓഷ്യാനോഗ്രഫി പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 9ന് രാവിലെ 11 മണിക്ക് ഫിസിക്കൽ ഓഷ്യാനോഗ്രഫി വകുപ്പിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 04842863118, 8281602950

### ഇലക്ട്രോണിക്സ് വകുപ്പ്

എംഎസ് സി ഇലക്ട്രോണിക്സ് സയൻസ് പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 9ന് രാവിലെ 10 മണിക്ക് ഇലക്ട്രോണിക്സ് വകുപ്പിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 04842862321, 04842862320.

# സി.വി. പാപ്പച്ചൻ അവാർഡിന് എൻട്രി ക്ഷണിക്കുന്നു

**കൊച്ചി:** എറണാകുളം പ്രസ് ക്ലബിന്റെ സ്ഥാപകരിൽ പ്രമുഖനും മാധ്യമ പ്രവർത്തകനുമായിരുന്ന സി.വി. പാപ്പച്ചന്റെ സ്മരണാർഥം അദ്ദേഹത്തിന്റെ കുടുംബം എറണാകുളം പ്രസ് ക്ലബിൽ ഏർപ്പെടുത്തിയിട്ടുള്ള സി.വി. പാപ്പച്ചൻ അവാർഡിന് എൻട്രി ക്ഷണിക്കുന്നു.

ദൃശ്യ മാധ്യമ റിപ്പോർട്ടിനാണ് 2026 ലെ അവാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്. മനുഷ്യർ എന്നതാണ് വിഷയം. മലയാളം ടി.വി ചാനലുകളിൽ 2025 നവംബർ ഒന്നിനും 2026 മേയ് 31 നും ഇടയിൽ സംപ്രേഷണം ചെയ്ത ഏഴു മിനിറ്റിൽ കവിയാത്ത റിപ്പോർട്ടാണ് പരിഗണിക്കുക. 20,000 രൂപയും പ്രശസ്തിപത്രവും ശിൽപവും അടങ്ങുന്നതാണ് അവാർഡ്.

സംപ്രേഷണം ചെയ്ത റിപ്പോർട്ടിന്റെ പെൻ ഡ്രൈവ് ന്യൂസ് എഡിറ്റർ സാക്ഷ്യപ്പെടുത്തിയ കത്ത് സഹിതമാണ് അയക്കേണ്ടത്. എൻട്രിയോടൊപ്പം ടൈറ്റിൽ, ഉള്ളടക്കം, ദൈർഘ്യം, വിവരണ പാഠം എന്നിവ എഴുതി നൽകണം. എൻട്രി 2026 ജൂലൈ 10 വെള്ളി വൈകീട്ട് അഞ്ചിന് മുമ്പ് സെക്രട്ടറി, എറണാകുളം പ്രസ് ക്ലബ്, പ്രസ് ക്ലബ് റോഡ്, കൊച്ചി11 എന്ന വിലാസത്തിൽ ലഭിക്കണം.

കവറിന് പുറത്ത് സി.വി. പാപ്പച്ചൻ അവാർഡ് എൻട്രി എന്ന് രേഖപ്പെടുത്തിയിരിക്കണം.



# യുവജനങ്ങൾ അഞ്ചാമത്തെ സുവിശേഷമാകണം: റവ. ഡോ. വർഗീസ് ചക്കാലക്കൽ

**ഇടുക്കി:** യുവജനങ്ങൾ ആധുനിക ലോകത്തിനു അഞ്ചാമത്തെ സുവിശേഷമാകണം എന്ന് കെ.സി.ബി.സി പ്രസിഡന്റ് മോസ്റ്റ് റവ. ഡോ. വർഗീസ് ചക്കാലക്കൽ. കെ.സി.ബി.സിയുടെ ഔദ്യോഗിക യുവജന പ്രസ്ഥാനമായ കെ.സി.വൈ.എം.ന്റെ സംസ്ഥാന യുവജനദിനാഘോഷം കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ ആതിഥേയത്വത്തിൽ, കൈറോസ് 2026 ഇടുക്കി മുരിക്കാശ്ശേരിയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കെ.സി.വൈ.എം സംസ്ഥാന പ്രസിഡന്റ് ഷിബിൻ ഷാജി അദ്ധ്യക്ഷത വഹിച്ച യുവജന സംഗമത്തിന് കെ.സി.ബി.സി യുവജന കമ്മീഷൻ ചെയർമാൻ മാർ. ജോൺ നെല്ലിക്കുന്നേൽ അനുഗ്രഹ പ്രഭാഷണവും ഇടുക്കി രൂപത മുഖ്യ വികാരി ജനറാൾ ഫാ. ജോസ് കരിവേലിക്കൽ മുഖ്യപ്രഭാഷണവും നടത്തി. കേരളത്തിലെ വിവിധ കത്തോലിക്കാ രൂപതകളിൽ നിന്നായി 2500 ൽ അധികം യുവജനങ്ങളും വൈദികരും സന്യസ്തരും സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകരും പങ്കെടുത്ത സമ്മേളനത്തിന് മുന്നോടിയായി പതാക, ദീപശിഖ, വി. തോമസ് മൂർ ഛായചിത്ര പ്രയാണങ്ങൾ ഇടുക്കി രൂപതയുടെ പ്രധാന കേന്ദ്രങ്ങളിൽ നിന്നും ആരംഭിച്ച് സമ്മേളന വേദിയിൽ എത്തിച്ചേർന്നു.

തുടർന്ന് നടന്ന യുവജന ദിന സമ്മേളന യോഗത്തിൽ കെ.സി.വൈ.എം സംസ്ഥാന ജനറൽ സെക്രട്ടറി കാസി പൂപ്പന, ഡയറക്ടർ ഫാ. ഡിറ്റോ കൂള, അസി. ഡയറക്ടർ ഡോ. സി. നോർബർട്ട സി.ടി.സി, സമിതി അംഗങ്ങളായ സാം സണ്ണി, ആഗി മരിയ ജോസഫ്, ജോയൽ ജോൺ റോയ്, ധന്യ മോഹൻരാജ്, സെഞ്ചു ജേക്കബ്, പ്രിൻസി പീറ്റർ, ജെൻസൺ ആൽബി, ഇടുക്കി രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ മനക്കലേട്ട്, പ്രസിഡന്റ് അമൽ ജിജു ജോസഫ്, സംസ്ഥാന ഉപദേശക സമിതി അംഗം സിജോ ഇലന്തൂർ തുടങ്ങിയവർ സംസാരിച്ചു.

യുവജനങ്ങളുടെ കലാ പരിപാടികളും സംഗീത നിശയും അരങ്ങേറിയ സംഗമം ഇടുക്കിയുടെ ഐക്യത്തിന്റെയും ശക്തിയുടെയും നേർക്കാഴ്ചയായി.

# ടൗൺഷിപ്പിൽ 157 വീടുകളുടെ നിർമാണം സെപ്റ്റംബർ 30നകം പൂർത്തിയാക്കും: മന്ത്രി

**കൽപ്പറ്റ:** എൽസ്റ്റൻ എസ്റ്റേറ്റിൽനിന്ന് ഏറ്റെടുത്ത ഭൂമിയിൽ പുഞ്ചിരിമട്ടം ഉരുൾ ദുരന്ത ബാധിതർക്ക് സജ്ജമാക്കുന്ന ടൗൺഷിപ്പിൽ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയതിൽ 157 വീടുകളുടെ നിർമാണം സെപ്റ്റംബർ 30 നകം പൂർത്തിയാക്കുമെന്ന് കൃഷി മന്ത്രി ടി. സിദ്ദിഖ്.

കളക്ടറേറ്റ് മിനി കോൺഫറൻസ് ഹാളിൽ മാധ്യമപ്രവർത്തകരുമായി സംസാരിക്കുകയായിരുന്നു അദ്ദേഹം. 62 വീടുകളുടെ പ്രവൃത്തി ഡിസംബറോടെ പൂർത്തിയാക്കും. ടൗൺഷിപ്പിൽ 178 വീടുകളാണ് ആദ്യഘട്ടത്തിൽ ഗുണഭോക്താക്കൾക്ക് കൈമാറിയത്.

ടൗൺഷിപ്പിൽ ആരോഗ്യകേന്ദ്രം, പൊതുമാർക്കറ്റ്, ശുചിമുറികൾ എന്നിവയുടെ നിർമാണം ആരംഭിച്ചു. കളിസ്ഥലം, അങ്കണവാടി, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെൻറർ എന്നിവയുടെ പ്രവൃത്തി ഉടൻ തുടങ്ങും. ഒക്ടോബറോടെ പൂർത്തിയാക്കും.

പൊതു സൗകര്യങ്ങളുടെ നിർമാണം വേഗത്തിലാക്കാൻ നിർദേശം നൽകിയിട്ടുണ്ട്. പുനരധിവാസ പദ്ധതി ഗുണഭോക്തക്കളിൽ ഫേസ് 1, ഫേസ് 2എ, ഫേസ് 2ബി പട്ടികകളിൽ ഉൾപ്പെട്ടരുടെ 5.58 കോടി രൂപയുടെ വായ്പ സർക്കാർ ബാങ്കുകൾക്ക് കൈമാറിയിട്ടുണ്ട്. പട്ടികയിൽ ഉൾപ്പെട്ടവർക്ക് നടത്തിയ അദാലത്തിലൂടെയാണ് വായ്പാവിവരം ശേഖരിച്ചത്. വാണിജ്യ വായ്പകൾ ഏറ്റെടുക്കുന്നതിൽ സർക്കാർ തീരുമാനത്തിന് അനുസൃതമായി തുടർനടപടി സ്വീകരിക്കും. ദുരിതബാധിതർക്ക് ദിനബത്ത, വീട്ടുവാടക മൂന്ന് മാസത്തേക്ക് കൂടി തുടരും.

ടൗൺഷിപ് നിർമാണത്തെത്തുടർന്ന് നഗരത്തിൽ രൂപപ്പെടുന്ന വെള്ളക്കെട്ട് പരിഹരിക്കാൻ സംസ്ഥാന ദുരന്ത നിവാരണ അഥോറിറ്റി ശാസ്ത്രീയ പഠനം നടത്തി പദ്ധതി തയാറാക്കും. ദുരന്ത നിവാരണ പദ്ധതികൾ അവലോകനം ചെയ്യുന്നതിന് എല്ലാ മാസവും ആദ്യ തിങ്കളാഴ്ച കളക്ടറേറ്റിൽ പ്രത്യേക യോഗം ചേരും.

ഉരുൾ ദുരന്തബാധിത പ്രദേശത്തെ കാർഷികഭൂമി പുനഃക്രമീകരിച്ച് നൽകുക സർക്കാർ ലക്ഷ്യമാണ്. പ്രദേശത്തെ മണ്ണ് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും. പുനരധിവാസ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്ത പടവെട്ടിക്കുന്ന്, അട്ടമല പ്രദേശങ്ങളിലെ ജനങ്ങളുടെ ആവശ്യങ്ങൾ അനുഭാവപൂർവം പരിഗണിക്കും. പുത്തുമല ദുരന്ത ബാധിതതർക്ക് ഒരുക്കിയ ഹർഷം പദ്ധതി ആവശ്യമെങ്കിൽ മന്ത്രിസഭാ യോഗത്തിൽ പരിഗണിക്കും.

ടൗൺഷിപ് റോഡിൽ അടിഞ്ഞുകൂടിയ ചളി നീക്കം ചെയ്തിട്ടുണ്ട്. മഴ ശക്തിപ്രാപിക്കുമ്പോൾ ആവശ്യമെങ്കിൽ മറ്റ് നടപടികൾ സ്വീകരിക്കും. ജില്ലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ രൂപരേഖ തയാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ഉടൻ വിളിക്കും. ചൂരൽമലയിൽ പാലം നിർമാണത്തിന് ഭൂമി ഏറ്റെടുക്കാൻ തീരുമാനമായി. പുഞ്ചിരിമട്ടം പാലം നിർമാണത്തിനു നടപടികൾ പുരോഗമിക്കുകയാണ്.സാസ്കി പദ്ധതിക്ക് കീഴിൽ നിർമാണം നടക്കുന്ന റോഡ്, പാലം, സ്കൂൾ, ഫയർ സ്റ്റേഷനുകൾ, സ്കിൽ പാർക്ക്, ഷെൽട്ടർ ഹോം, മറ്റ് കെട്ടിടങ്ങൾ, ജലവിഭവജലസേചന വകുപ്പുകൾ നടപ്പാക്കുന്ന വിവിധ പദ്ധതികൾ എന്നിവയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്.

സൊസൈറ്റി ടുഡേ
SOCIETY TODAY

## എം.ജി സർവകലാശാല

### എം.ജി സർവകലാശാലയിൽ എം.എസ്.സി. ബോട്ടണി സ്പോട്ട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാൻറ് സയൻസ് ടെക്നോളജിയിൽ എം.എസ്.സി ബോട്ടണി ആന്റ് പ്ലാൻറ് സയൻസ് ടെക്നോളജി കോഴ്സിലെ ഒഴിവുള്ള സീറ്റുകളിലേക്ക് (കാറ്റഗറി: എസ്.സി., ജനറൽ, ഈഴവ) ജൂലൈ 09, 10 തീയതികളിൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

കോർ ഗ്രൂപ്പിൽ 5.00 ൽ കുറയാത്ത CCPA യോടു കൂടി ബോട്ടണിയിലോ അല്ലെങ്കിൽ ബോട്ടണി ബയോടെക്നോളജിയിലോ (ഡബിൾ മെയിൻ) ബിരുദമുള്ള വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി സർവകലാശാലയിലെ കൺവേർജൻസ് അക്കാദമിയ കോംപ്ലക്സിലെ നാലാം നിലയിലുള്ള ഓഫീസിൽ (റൂം നം: 505) നേരിട്ട് എത്തിച്ചേരേണ്ടതാണ്. ഫോൺ 8547537541, 9497664697.

### പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബി.വോക്. ഫാഷൻ ഡിസൈൻ ആൻറ് മാനേജ്മെൻറ്, ബി.വോക്. ഫാഷൻ ടെക്നോളജി (പുതിയ സ്കീം 2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019 മുതൽ 2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) ഏപ്രിൽ 2026ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 10 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

## വിദ്യാർഥികൾക്ക് മികച്ച പഠനസൗകര്യം ഉറപ്പാക്കും: മന്ത്രി കെ.എ. തുളസി

**പാലക്കാട്:** വിദ്യാർഥികൾക്ക് മികച്ച പഠനസൗകര്യം ഉറപ്പാക്കുമെന്ന് മന്ത്രി കെ.എ. തുളസി. പ്ലസ് വൺ പ്രവേശനോത്സവം 2026ന്റെ ജില്ലാതല ഉദ്ഘാടനം കോങ്ങാട് കെപിആർപി ഹയർസെക്കൻഡറി സ്കൂളിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. വിദ്യാർഥിസൗഹൃദ അന്തരീക്ഷം ഒരുക്കേണ്ടത് സർക്കാരിന്റെയും തദ്ദേശസ്ഥാപനങ്ങളുടേയും വിദ്യാലയങ്ങളുടേയും ഉത്തരവാദിത്വമാണ്.

പഠനേതര പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് ലഹരി പോലുള്ള സാമൂഹികവിപത്തുകളിൽ നിന്നും കുട്ടികളെ അകറ്റാൻ സഹായിക്കും. ലഹരിക്കെതിരായി ആഭ്യന്തര വകുപ്പിന്റെയും സംസ്ഥാന സർക്കാരിന്റെയും നേതൃത്വത്തിൽ നടത്തുന്ന തൂഫാൻ പദ്ധതിയിൽ വിദ്യാർഥികളും രക്ഷിതാക്കളും പൊതുജനങ്ങൾ അടങ്ങുന്ന സമൂഹം ഒറ്റക്കെട്ടായി പോരാടണമെന്നും മന്ത്രി പറഞ്ഞു.

പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ബിന്ദു കൃഷ്ണദാസ് അധ്യക്ഷയായി. കോങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് എസ്. സൂര്യ മുഖ്യാതിഥിയായി. ജില്ലാ പഞ്ചായത്ത് അംഗം പി.ആർ. ശോഭന, ബ്ലോക്ക് വികസനകാര്യ സമിതി അംഗം ടി.എം. ഷറഫുദ്ദീൻ, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ എസ്. പദ്മജ, വാർഡ് മെംബർ കെ. ബിന്ദു, പ്രിൻസിപ്പൽ എം.പി. ശ്യാമള, പ്രസിഡൻറ് എം.പി. സുരേഷ് കുമാർ, പറളി ബിപിസിഎ എം. അജിത്, ഹെഡ്മിസ്ട്രസ് ആർ. ബീനാമോൾ തുടങ്ങിയവർ പങ്കെടുത്തു.

## എഐക്ക് ഊന്നൽ നൽകിയുള്ള വിദ്യാഭ്യാസ രീതി നടപ്പാക്കുമെന്ന് മന്ത്രി എൻ. ഷംസുദ്ദീൻ

**കോഴിക്കോട്:** എഐ ഉൾപ്പെടെയുള്ള ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള വിദ്യാഭ്യാസ സമ്പ്രദായമാണ് നടപ്പാവാൻ പോകുന്നതെന്ന് മന്ത്രി എൻ. ഷംസുദ്ദീൻ.

പ്രൊവിഡൻസ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിലെ മുഴുവൻ ക്ലാസ് മുറികളിലും ഇൻട്രാക്ടീവ് പാനലുകൾ സ്ഥാപിക്കുന്നതിന്റെ ഉദ്ഘാടനം നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു മന്ത്രി. മാറ്റങ്ങൾ സ്കൂളുകളിൽ കൊണ്ടുവരും. പേപ്പറുകൾക്ക് പകരം ഐ പാഡുകൾ ഉപയോഗിച്ചു പഠനം നടത്തുന്ന രീതി വിദൂരമല്ലാത്ത ഭാവിയിൽ വന്നുചേരുമെന്നും ഷംസുദ്ദീൻ കൂട്ടിച്ചേർത്തു.

ദേശീയ സ്കൂൾ ബാൻഡ് മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ബാൻഡ് ടീമിനെയും ദേശീയ ബാസ്ക്കറ്റ്ബോൾ ജേതാക്കളെയും, സ്കൂളിൻറെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ഹെഡ്മിസ്ട്രസ് സിസ്റ്റർ മരിയ മിനിഷയെയും മന്ത്രി പൊന്നാടയണിയിച്ച് ആദരിച്ചു.

ചടങ്ങിൽ പിടിഎ പ്രസിഡൻറ് കെ. പ്രശാന്ത് അധ്യക്ഷത വഹിച്ചു. എംഎൽഎ കെ. ജയന്ത് മുഖ്യപ്രഭാഷണം നടത്തി. അപ്പോസ്തോലി കാർമൽ സഭയുടെ സതേൺ പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ മരിയ ജസീന എസി അനുഗ്രഹ പ്രഭാഷണം നടത്തി. വാർഡ് കൗൺസിലർ സാഫറി വെള്ളയിൽ, മദർ സുപ്പീരിയർ സിസ്റ്റർ മരിയ സെലിൻ എസി, എഇഒ കെ.വി. മൃദുല, പ്രിൻസിപ്പൽ സിസ്റ്റർ സിൽവി ആൻറണി എസി, എസ്എംസി ചെയർമാൻ കെ. സജീവ് കുമാർ, സ്റ്റാഫ് സെക്രട്ടറി സുനിത ശ്രീനിവാസ് എന്നിവർ പ്രസംഗിച്ചു.



## ആലപ്പുഴ പാത ഇരട്ടിപ്പിക്കൽ ഭൂമിയേറ്റെടുക്കാൻ വിജ്ഞാപനമായി

**തിരുവനന്തപുരം:** ആലപ്പുഴ വഴിയുള്ള പാത ഇരട്ടിപ്പിക്കലിനും പാലക്കാട് റെയിൽവേ ബൈപാസിനും റെയിൽവേ നിയമ പ്രകാരം ഭൂമിയേറ്റെടുക്കും. ഇതു സംബന്ധിച്ചു റെയിൽവേ മന്ത്രാലയം വിജ്ഞാപനം പുറപ്പെടുവിച്ചു. 2013ലെ ഭൂമിയേറ്റെടുക്കൽ ചട്ടത്തിലെ സങ്കീർണമായ നടപടിക്രമങ്ങൾ മൂലം 3 വർഷം വരെയാണ് ഇപ്പോൾ ഭൂമിയേറ്റെടുക്കാൻ വേണ്ടി വരുന്നത്. റെയിൽവേ നിയമം വഴി ഭൂമിയേറ്റെടുത്താൽ സമയനഷ്ടം കുറയ്ക്കാൻ കഴിയും. നടപടിക്രമങ്ങളിൽ മാറ്റമുണ്ടാകുമെങ്കിലും 2013ലെ വ്യവസ്ഥ അനുസരിച്ചു തന്നെ ഭൂഉടമകൾക്കു നഷ്ടപരിഹാരം ലഭിക്കുമെന്ന് അധികൃതർ പറഞ്ഞു.

അമ്പലപ്പുഴ- ആലപ്പുഴ, ആലപ്പുഴ - മാരാരിക്കുളം, മാരാരിക്കുളം- തുറവൂർ സെക്ഷനുകളിലെ രണ്ടാം പാത നിർമാണത്തിനും പാലക്കാട് ബൈപാസിനും റെയിൽവേ നിയമ പ്രകാരം ഭൂമിയേറ്റെടുക്കാൻ ഇവയെ പ്രത്യേക പദ്ധതികളായി വിജ്ഞാപനം ചെയ്തു.

1.8 കിലോമീറ്റർ മാത്രം ദൂരമുള്ള പാലക്കാട്- പറളി ബൈപാസ് നിർമാണത്തിന് 163.57 കോടി രൂപയുടെ പദ്ധതിക്ക് റെയിൽവേ ഫെബ്രുവരിയിൽ അംഗീകാരം നൽകിയിരുന്നു. ആലപ്പുഴ പാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായി അമ്പലപ്പുഴ- ആലപ്പുഴ ഭാഗത്താണ് അടിയന്തരമായി ഭൂമിയേറ്റെടുക്കാനുള്ളത്. ഇതിനും പാലക്കാട് ബൈപാസിനും ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവ് കുറവാണെന്നതിനാൽ ഇവയാകും ആദ്യം ഏറ്റെടുക്കുക.

അമ്പലപ്പുഴ- ആലപ്പുഴ 12.66 കിമീ പാത ഇരട്ടിപ്പിക്കലിന് 324.16 കോടി രൂപയാണ് എസ്റ്റിമേറ്റ്. പാലക്കാട്- പറളി ബൈപാസ് ലൈൻ വരുന്നതോടെ പാലക്കാട് ജംക്ഷനിൽ എൻജിൻ ദിശ മാറ്റുന്നതിനായി നഷ്ടപ്പെടുത്തുന്ന 40 മിനിറ്റ് യാത്രാ ട്രെയിനുകൾക്കു ലാഭിക്കാൻ കഴിയും.



## ഗവ. മെഡിക്കൽ കോളജ് ആശുപത്രിയുടെ വികസനം വേഗത്തിലാക്കും: മന്ത്രി കെ.മുരളീധരൻ

**പാരിപ്പള്ളി:** പാരിപ്പള്ളി ഗവ. മെഡിക്കൽ കോളജ് ആശുപത്രിയുടെ വികസനം വേഗത്തിലാക്കുമെന്ന് മന്ത്രി കെ. മുരളീധരൻ.ആശുപത്രിയുടെ സ്ഥിതിഗതികൾ വിലയിരുത്താൻ ചേർന്ന പ്രത്യേക അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

മെഡിക്കൽ കോളജിലെ 50 നഴ്സിംഗ് സ്റ്റാഫുകളുടെ നിയമനം ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലേയും ഒഴിവുള്ള തസ്തികളിലേക്ക് ഉടനടി നിയമനം നടത്താനാണ് ഉദ്ദേശിക്കുന്നത്.

കേന്ദ്രീകൃത ശീതീകരണസംവിധാനം ഏർപ്പെടുത്താൻ ആശുപത്രി വിദഗ്ദ സമിതിയുടെ റിപ്പോർട്ട് ആവശ്യപ്പെട്ടു. ട്രോമാ കെയർ സംവിധാനം, സൂപ്പർ സ്പെഷാലിറ്റി ബ്ലോക്ക് നിർമാണം എന്നിവ ചർച്ച ചെയ്യാൻ തിരുവനന്തപുരത്ത് പ്രത്യേക യോഗം ചേരുമെന്നും മന്ത്രി അറിയിച്ചു.

കാത്ത് ലാബിന് സ്ഥിരം കാർഡിയോളജിസ്റ്റിനെ നിയമിക്കും ആശുപത്രിയിലെ നഴ്സിംഗ് വിദ്യാർഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യം വിപുലപ്പെടുത്തു വിദ്യാർഥികൾക്കായി കായിക കേളി സ്ഥലം വികസിപ്പിക്കും എംഎൽഎ, എംപി ആസ്തി വികസന നിധി, വിവിധ സർക്കാർ പദ്ധതികൾ എന്നിവയിലൂടെ ആശുപത്രിയുടെ തുടർവികസനം ഉറപ്പാക്കും 24 മണിക്കൂറും പ്രവർത്തിക്കുന്ന സിറ്റി, അൾട്രാസൗണ്ട് സ്കാനിംഗ്, എംആർഐ സംവിധാനങ്ങൾ ഒരുക്കും ആശുപത്രി വികസനസമിതി പുന:സംഘടിപ്പിക്കും കരാർ ഫാർമസിസ്റ്റുകളുടെ ദിവസവേതനം വർധിപ്പിക്കുന്നത് പരിഗണിക്കും പ്രദേശത്തെ തെരുവുനായ ശല്യം പരിഹരിക്കാൻ പഞ്ചായത്തുമായി സഹകരിച്ച് ഡോഗ് ഷെൽട്ടർ സ്ഥാപിക്കും തുങ്ങിയ അടിയന്തര പ്രവർത്തികൾ നൂറു ദിന കർമ പരിപാടിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുമെന്നു പറഞ്ഞ അദ്ദേഹം ആശുപത്രിയുടെ തുടർവികസനത്തിന് വിശദമായ മാസ്റ്റർ പ്ലാൻ തയാറാക്കാനും നിർദേശം നൽകി.

റഫറൽ ആശുപത്രിയിൽനിന്ന് സംസ്ഥാനത്തെ പ്രധാന മെഡിക്കൽ കോളജ് ആശുപത്രികളിൽ ഒന്നായി പാരിപ്പള്ളി മെഡിക്കൽ കോളജ് ആശുപത്രിയെ മാറ്റുന്നതിന് വേണ്ടുന്ന പ്രവർത്തനങ്ങൾ സർക്കാർ നടത്തുമെന്നും മന്ത്രി അറിയിച്ചു.എൻ.കെ. പ്രേമചന്ദ്രൻ എംപി, ബി. ബി. ഗോപകുമാർ എംഎൽഎ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ കെ.വി. വിശ്വനാഥ് തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# 1 ബില്യൺ ഡോളർ കരാർ; പ്രതിവർഷം ഒരു ലക്ഷം ടൺ ഗ്രീൻ മെഥനോൾ മിത്സുബിഷിക്ക് നൽകാൻ എസിഎംഇ

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഹരിത ഊർജ്ജ കമ്പനിയും എസിഎംഇ ഗ്രൂപ്പിന്റെ ഉപകമ്പനിയായ 'എസിഎംഇ ഗ്രീൻ മോളിക്യൂൾസ് ബിസിനസ്', പ്രമുഖ ജാപ്പനീസ് സ്ഥാപനമായ മിത്സുബിഷി ഗ്യാസ് കെമിക്കൽ കമ്പനിയുമായി ദീർഘകാല വിതരണ കരാറിൽ ഒപ്പുവെച്ചു. കരാർ പ്രകാരം എസിഎംഇ പ്രതിവർഷം ഒരു ലക്ഷം ടൺ ഗ്രീൻ മെഥനോൾ മിത്സുബിഷിക്ക് ലഭ്യമാക്കും. ഏകദേശം 1 ബില്യൺ യു.എസ് ഡോളർ മൂല്യമുള്ളതാണ് ഈ ദീർഘകാല കരാർ. യൂറോപ്യൻ യൂണിയന്റെ കർശനമായ പരിസ്ഥിതി മാനദണ്ഡങ്ങൾ പാലിക്കുന്ന ഗ്രീൻ മെഥനോൾ വിതരണത്തിനായി ഒരു ഇന്ത്യൻ കമ്പനി ഒപ്പുവെക്കുന്ന ആദ്യ കരാറാണിതെന്ന് എസിഎംഇ അധികൃതർ അറിയിച്ചു. പരിസ്ഥിതി മലിനീകരണം കുറഞ്ഞ ഇത്തരം ഇന്ധനങ്ങളുടെ ഉത്പാദനത്തിലും വിതരണത്തിലും ഇന്ത്യ കൈവരിക്കുന്ന വലിയ നേട്ടമായും ഈ കരാറിനെ വിലയിരുത്തുന്നു. കപ്പലുകളിൽ സാധാരണ ഉപയോഗിക്കാറുള്ള ഹെവി ഫ്യൂവൽ ഓയിൽ, മറൈൻ ഗ്യാസ് ഓയിൽ തുടങ്ങിയ പരമ്പരാഗത ഇന്ധനങ്ങൾക്ക് പകരമായി കൂടുതൽ സ്വീകാര്യത നേടിക്കൊണ്ടിരിക്കുന്ന ഹരിത ഇന്ധനമാണ് ഗ്രീൻ മെഥനോൾ. ആഗോളതലത്തിൽ ഗ്രീൻ മെഥനോൾ ബിസിനസ് വ്യാപിപ്പിക്കാനുള്ള എസിഎംഇ ഗ്രൂപ്പിന്റെ ശ്രമങ്ങളിലെ സുപ്രധാന നാഴികക്കല്ലാണ് ഈ കരാറെന്ന് എസിഎംഇ ഗ്രീൻ മോളിക്യൂൾസ് ബിസിനസ് സിഇഒ അനിൽ തപാരിയ പറഞ്ഞു. ഈ രംഗത്തെ പ്രമുഖരായ മിത്സുബിഷി ഗ്യാസ് കെമിക്കലുമായി കൈകോർക്കുന്നതിലൂടെ കപ്പൽ, വ്യോമയാന മേഖലകളിൽ ഹരിത ഇന്ധനങ്ങളുടെ ഉത്പാദനവും ഉപയോഗവും വർധിപ്പിക്കാൻ സാധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. ആഗോള ഹരിത ഊർജ്ജ വിപണിയുടെ വളർച്ചയ്ക്ക് എസിഎംഇയുമായുള്ള സഹകരണം വലിയ കരുത്താകുമെന്ന് മിത്സുബിഷി ഗ്യാസ് കെമിക്കൽ ഗ്രീൻ എനർജി & കെമിക്കൽസ് ബിസിനസ് സെക്ടർ മാനേജിങ് എക്സിക്യൂട്ടീവ് ഓഫീസർ ഹിഡേയാക്കി അകാസെ പറഞ്ഞു.



# ദുർബലമായി രാജ്യാന്തര റബർ വിപണി

**കൊച്ചി:** രാജ്യാന്തര റബർ വിപണി സാങ്കേതികമായി ദുർബലമാകുന്നു, ഉത്പാദകർ കരുതലോടെ ചുവടുവച്ചില്ലെങ്കിൽ ടയർ ലോബി തനിനിറം പുറത്തുകാട്ടും. ജലാംശത്തിന്റെ പേരു പറഞ്ഞ് ഉത്തരേന്ത്യൻ ലോബി കുരുമുളക് വില ഇടിച്ചു.

പച്ച ഇഞ്ചി വില ഉയർന്നതോടെ അന്തർസംസ്ഥാന വാങ്ങലുകാർ ചുക്ക് വില ഇടിക്കാനുള്ള നീക്കം. സംസ്ഥാനത്ത് നാളികേരോത്പന്ന വിപണി നിർജീവം, തമിഴ്നാട് ലോബി ചില പ്രത്യേക ഗ്രൂപ്പുമായി ചേർന്ന് കൃത്രിമ വിലക്കയറ്റത്തിനു കൂട്ടുനിന്നു.

ജപ്പാൻ ഒസാക്ക എക്സ്ചേഞ്ചിൽ റബർ സെല്ലിംഗ് മൂഡിലേക്കു പ്രവേശിച്ചത് അവസരമാക്കി ഊഹക്കച്ചവടക്കാർ. ഈ വാരം വിപണിക്ക് 400 യെന്നിലെ സപ്പോർട്ട് നിർണായകമാവും, തായ്‌ലൻഡിൽ പ്രതികൂല കാലാവസ്ഥ ടാപ്പിംഗിനു തടസം ഉളവാക്കിയാലോ, യെന്നിന്റെ വിനിമയ മൂല്യത്തിൽ ഇടിവ് സംഭവിച്ചാലോ ഒരു പുൾ ബാക്ക് റാലിക്ക് അവസരമൊരുങ്ങും.

പിന്നിട്ടവാരം ജപ്പാനിൽ റബർ കിലോ 413 യെന്നിൽനിന്നു 417 യെന്നിലേയ്ക്ക് ഉയർന്ന അവസരത്തിൽ ഉടലെടുത്ത വില്പന സമ്മർദത്തിൽ 403ലേക്ക് ഇടിഞ്ഞെങ്കിലും ക്ലോസിംഗിൽ പഴയ നിലവാരമായ 413ലാണ്.

നിലവിലെ ചലനങ്ങൾ വിലയിരുത്തിയാൽ റബർ 403ലെ താങ്ങ് നിലനിർത്തി 418420 യെന്നിലേക്ക് ഉയരാൻ ശ്രമം നടത്താം. വിപണിയുടെ 50 ദിവസങ്ങളിലെ ശരാശരി കണക്കിലെടുത്താൽ 436448ലേക്കു സഞ്ചരിക്കാമെങ്കിലും അത്തരമൊരു തിരിച്ചുവരവിന് 10 ശതമാനം സാധ്യതയുള്ളു. അതുകൊണ്ടുതന്നെ ഉയർന്ന തലത്തിൽ വില്പനക്കാർ ഇറങ്ങിയാൽ റബർ 386ലേക്കു തിരുത്തലിന് വിധേയമാകും. മാസത്തിന്റെ രണ്ടാം പകുതിയിൽ 360യെന്നിൽ താങ്ങ് കണക്കു കൂട്ടാം. ഇതിനിടയിൽ കാലാവസ്ഥാ വ്യതിയാനങ്ങളും ചൈനീസ് വ്യവസായികളിൽനിന്ന് ഡിമാൻഡും ശക്തമായാൽ റബറിൽ തിരിച്ചുവരവിന് അവസരമൊരുങ്ങും.

ജൂണിൽ തായ് വിപണിയായ ബാങ്കോക്കിൽ റബർ വില ഏകദേശം 11 ശതമാനം ഇടിഞ്ഞു. തെക്ക് കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിൽ ടാപ്പിംഗ് സീസൺ ശക്തമാക്കും. ചൈനീസ് ടയർ നിർമാതാക്കളിൽനിന്നുള്ള വാങ്ങൽ താത്പര്യം മന്ദഗതിയിലായത് ബാങ്കോക്കിൽ റബറിനെ തളർത്തി. നിരക്ക് കിലോ 288 രൂപയിൽനിന്നും വാരാന്ത്യം 271 രൂപയായി.

വിദേശത്തെ തളർച്ച ആഭ്യന്തര വില ഇടിക്കാനുള്ള അവസരമാക്കാൻ ഇന്ത്യൻ ടയർ ലോബി നീക്കം നടത്തിയെങ്കിലും കൊച്ചി, കോട്ടയം വിപണികളിലെ ഷീറ്റ് ക്ഷാമം താങ്ങായി. നാലാം ഗ്രേഡ് കിലോ 266 രൂപയിൽനിന്ന് 270ലേക്ക് ഉയർന്നു, അഞ്ചാം ഗ്രേഡ് 266ലും ഒട്ടുപാൽ 173 രൂപയിലും ലാറ്റക്സ് 165 രൂപയിലുമാണ്.

ഉത്സവ സീസൺ അടുത്തതോടെ ഉത്തരേന്ത്യയിലെ വൻകിട കറിമസാല നിർമാതാക്കൾ കുരുമുളകിനായി പരക്കംപായുകയാണ്. അവർക്കു മുന്നിലുള്ള മാസങ്ങളിലെ ആവശ്യത്തിനുള്ള ചരക്ക് ഇനിയും സംഭരിക്കാനായിട്ടില്ല. ഹൈറേഞ്ചിൽനിന്നും സംസ്ഥാനത്തിൻറെ മറ്റു പല ഭാഗങ്ങളിൽനിന്നും കൊച്ചിയിലേക്കുള്ള നാടൻ ചരക്കു വരവ് ശക്തമല്ല. അതേസമയം, കലർപ്പുള്ള വിദേശ മുളക് വില്പനയ്ക്ക് ഇറക്കുന്നതിൽ ജലാംശതോത് ഉയർന്നു നിൽക്കുന്നത് വാങ്ങലുകാരെ നിരക്ക് ഇടിക്കാൻ പ്രേരിപ്പിച്ചു.



## സാമ്പത്തിക അനിശ്ചിതത്വം സ്വർണവിലയെ സ്വാധീനിക്കും: വേൾഡ് ഗോൾഡ് കൗൺസിൽ

**കൊച്ചി:** ആഗോള രാഷ്ട്രീയസാമ്പത്തിക അനിശ്ചിതത്വം, പലിശനിരക്കുകളിലെ മാറ്റങ്ങൾ, നിക്ഷേപകരുടെ നിലപാടുകൾ എന്നിവ ഈ വർഷം രണ്ടാം പകുതിയിൽ സ്വർണവിലയെ നിർണായകമായി സ്വാധീനിക്കുമെന്ന് വേൾഡ് ഗോൾഡ് കൗൺസിൽ. വർഷാരംഭത്തിൽ റിക്കാർഡ് ഉയരത്തിലെത്തിയ വില പിന്നീട് ഇടിഞ്ഞെങ്കിലും കഴിഞ്ഞ ഒരു വർഷത്തിനിടെ മികച്ച നേട്ടം കൈവരിച്ച ആസ്തികളിലൊന്നായി സ്വർണം തുടരുകയാണ്.

ആഗോളസംഘർഷങ്ങൾ രൂക്ഷമാകുകയോ സാമ്പത്തിക സാഹചര്യം മോശമാകുകയോ ചെയ്താൽ സ്വർണവില വീണ്ടും ഉയരാൻ സാധ്യതയുണ്ട്. അതേസമയം ഡോളറിന്റെ ശക്തിയും പ്രതീക്ഷിച്ചതിലേറെ പലിശനിരക്ക് വർധനയും വില വ്യത്യാസത്തിൽ നിർണായകമാകുമെന്നും വേൾഡ് ഗോൾഡ് കൗൺസിലിന്റെ ഗോൾഡ് മിഡ് ഇയർ ഔട്ട്‌ലുക്ക് 2026 റിപ്പോർട്ട് ചൂണ്ടിക്കാട്ടി.



## കീവേ പ്രീമിയം ഇലക്ട്രിക് സ്കൂട്ടർ ഹൈപ്‌വോൾട്ട്ആർ വിപണിയിൽ

**കൊച്ചി:** കീവേ ഇന്ത്യ പുതിയ പ്രീമിയം ഇലക്ട്രിക് സ്കൂട്ടറായ ഹൈപ്‌വോൾട്ട്ആർ അവതരിപ്പിച്ചു.

മണിക്കൂറിൽ 115 കിലോമീറ്റർ വേഗത, ഒറ്റ ചാർജിൽ 180 കിലോമീറ്റർ വരെ സഞ്ചരിക്കാനുള്ള ശേഷി, ഇറക്കത്തിൽ വേഗ നിയന്ത്രണം, പിൻവശ കാമറ, ബ്ലൈൻഡ് സ്പോട്ട് മുന്നറിയിപ്പ്, മൊബൈൽ ഫോൺ ബന്ധിപ്പിക്കാനുള്ള സൗകര്യം തുടങ്ങിയവയുണ്ട്.

എക്സ്ഷോറൂം വില 1.99 ലക്ഷം രൂപയാണ്. 5,000 രൂപ മുൻകൂറായി നൽകി ഓൺലൈനിലൂടെ വാഹനം ബുക്ക് ചെയ്യാം.

## ഫ്ളിപ്കാർട്ട് ഗോട്ട് സെയിലിന്റെ പേരിൽ സൈബർ തട്ടിപ്പ്

**കൊച്ചി:** മലപ്പുറം ജില്ലയിൽ ഇത്തരത്തിലുള്ള രണ്ട് തട്ടിപ്പു കേസുകൾ രജിസ്റ്റർ ചെയ്തതോടെയാണു സൈബർ പോലീസ് മുന്നറിയിപ്പുമായി രംഗത്തെത്തിയത്. കൊല്ലത്തും രണ്ടു കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. ഫ്ളിപ് കാർട്ട് ഗോട്ട് സെയിൽ, ഗോട്ട് സെയിൽ ലൈവ്, ഓഫേഴ്സ് സെയിൽ, എഫ്കെ ഗോട്ട്സ് ഓഫേഴ്സ് തുടങ്ങിയ പേരുകളിൽ വ്യാജ ഫേസ്ബുക്ക് പേജുകൾ സൃഷ്ടിച്ചാണു തട്ടിപ്പ്.




# വിപ്രോ ബ്രാഹ്മിൻസ് പുതിയ മില്ലറ്റ് ഉത്പന്നങ്ങൾ വിപണിയിലിറക്കി

**കൊച്ചി:** ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിപ്രോ കൺസ്യൂമർ കെയർ ആൻഡ് ലൈറ്റിംഗിന്റെ വിപ്രോ ബ്രാഹ്മിൻസ് ആറ് തരം മില്ലറ്റ് ഉത്പന്നങ്ങൾ വിപണിയിലെത്തിച്ചു. മില്ലറ്റുകളുടെ പോഷകഗുണങ്ങൾക്കൊപ്പം സ്വാദിഷ്ടമായ ഭക്ഷണാനുഭവം ഉറപ്പാക്കുന്നതിനായി വികസിപ്പിച്ചെടുത്ത പ്രത്യേക റോസ്റ്റിംഗ് പ്രക്രിയയാണ് ഉത്പന്നങ്ങളുടെ പ്രത്യേകത.

ഫോക്സ്ടെയിൽ, ലിറ്റിൽ, ബ്രൗൺടോപ്പ്, ബാർൺയാർഡ്, കോഡോ, പ്രോസോ എന്നീ ആറ് ഇനം മില്ലറ്റുകളാണ് പുതിയ പോർട്ട്ഫോളിയോയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഗ്ലൂട്ടൻ രഹിതവും നാരുകളും പ്രോട്ടീനും അടങ്ങിയ ഇവ ബിരിയാണി, അപ്പം, പായസം തുടങ്ങി നിത്യേനയുള്ള വിഭവങ്ങൾ തയ്യാറാക്കാൻ അനുയോജ്യമാണ്. 500 ഗ്രാം പാക്കറ്റിന് 149 രൂപയാണ് വില. നിലവിൽ കേരളത്തിലെയും കർണാടകയിലെയും പ്രധാന വ്യാപാര സ്ഥാപനങ്ങളിലും സ്വിഗ്ഗി ഇൻസ്റ്റാമർട്ടിലും ലഭ്യമായ ഈ ഉത്പന്നങ്ങൾ ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകളിലേക്കും വ്യാപിപ്പിക്കാൻ പദ്ധതിയുണ്ട്.

ബ്രാഹ്മിൻസ് മില്ലറ്റ്സ് ശ്രേണിയിലൂടെ ഇക്കാലത്തെ ഉപഭോക്താക്കൾക്കായി പരമ്പരാഗത പാചകരീതിയെ വികസിച്ചുകൊണ്ടിരിക്കുന്ന മുൻഗണനകളുമായി യോജിപ്പിക്കുന്ന രീതിയിൽ ഉൽപ്പന്നങ്ങളെ കൂടുതൽ ശ്രദ്ധാകേന്ദ്രത്തിലേക്ക് കൊണ്ടുവരാൻ ലക്ഷ്യമിടുന്നുവെന്ന് വിപ്രോ ഫുഡ്സ് പ്രസിഡന്റ് അനിൽ ചുഗ് പറഞ്ഞു.

ദൈനംദിന പാചകത്തിന് ആവശ്യമായ സൗകര്യത്തോടൊപ്പം സ്ഥിരമായ ഗുണനിലവാരവും നൽകുന്നതിനാണ് ഈ ശ്രേണി രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് വിപ്രോ ഫുഡ്സിന്റെ ബ്രാഹ്മിൻസ് ആൻഡ് നിറപറ ബിസിനസ് ഹെഡ് സണ്ണി തോമസ് വ്യക്തമാക്കി.

365 ദിവസത്തെ ഷെൽഫ് ലൈഫുള്ള ആധുനിക പാക്കേജിംഗിലാണ് ഇവ വിപണിയിലെത്തിയിരിക്കുന്നത്.

## യുഎസ് ഡോളറിലുള്ള പ്രവാസി സ്ഥിര നിക്ഷേപങ്ങൾക്ക് പ്രതിവർഷം 5.6 ശതമാനം വരെ പലിശയുമായി ഡിബിഎസ് ബാങ്ക് ഇന്ത്യ

**കൊച്ചി:** റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ (ആർബിഐ) പുതിയ പ്രഖ്യാപനത്തിന് അനുസൃതമായി, പ്രവാസി ഇന്ത്യക്കാർക്കുള്ള ഫോറിൻ കറൻസി നോൺറെസിഡന്റ് (ബാങ്ക്) ധഎഫ്സിഎൻആർ(ബി)പ നിക്ഷേപങ്ങളുടെ പലിശ നിരക്ക് ഡിബിഎസ് ബാങ്ക് ഇന്ത്യ പുതുക്കി. പുതുക്കിയ നിരക്കുകൾ 2026 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വന്നു.

മൂന്നു മുതൽ അഞ്ചു വർഷം വരെ കാലാവധിയുള്ള യുഎസ് ഡോളറിലുള്ള സ്ഥിര നിക്ഷേപങ്ങൾക്ക് ഇനി മുതൽ ബാങ്ക് പ്രതിവർഷം 5.6 ശതമാനം വരെ പലിശ നൽകും. നിക്ഷേപങ്ങൾക്ക് ഒരു വർഷത്തെ ലോക്ക്ഇൻ പിരീഡ് ഉണ്ടായിരിക്കും, ഈ കാലയളവിൽ പിൻവലിക്കലുകൾ അനുവദനീയമല്ല. വിദേശ കറൻസിയിൽ തന്നെ സമ്പാദ്യം നിലനിർത്തിക്കൊണ്ട് ആകർഷകമായ വരുമാനം നേടാനുള്ള അവസരമാണ് ഇത് പ്രവാസി ഇന്ത്യക്കാർക്ക് നൽകുന്നത്. നിക്ഷേപത്തുകയും പലിശയും നിശ്ചയിക്കപ്പെട്ട വിദേശ കറൻസിയിൽ തന്നെ തിരികെ ലഭിക്കുകയും, പൂർണമായി സ്വദേശത്തേക്ക് കൊണ്ടുപോകാൻ സാധിക്കുകയും ചെയ്യും.

എളുപ്പത്തിലുള്ള ഡിജിറ്റൽ ഓൺബോർഡിംഗ് സൗകര്യവും പ്രവാസികൾക്ക് ബാങ്ക് ലഭ്യമാക്കുന്നുണ്ട്. എഫ്സിഎൻആർ(ബി) നിക്ഷേപങ്ങൾ ഉൾപ്പെടെ വിദേശത്ത് നിന്ന് തന്നെ അനായാസം അക്കൗണ്ടുകൾ തുറക്കാൻ ഇത് അവരെ പ്രാപ്തരാക്കും. അടുത്തിടെ നടന്ന യൂറോമണി പ്രൈവറ്റ് ബാങ്കിംഗ് അവാർഡ് 2026ൽ ലോകത്തിലെ ഏറ്റവും മികച്ച പ്രൈവറ്റ് ബാങ്കായും ലോകത്തിലെ ഏറ്റവും സുരക്ഷിതമായ പ്രൈവറ്റ് ബാങ്കായും ഡിബിഎസ് അംഗീകരിക്കപ്പെട്ടിരുന്നു. ഗ്ലോബൽ ഫിനാൻസ് മാഗസിൻ തുടർച്ചയായി 17 വർഷം ഏഷ്യയിലെ ഏറ്റവും സുരക്ഷിതമായ ബാങ്കായി ഡിബിഎസിനെ തെരഞ്ഞെടുത്തിട്ടുണ്ട്.

# വാണിജ്യ സ്ഥാപനങ്ങളെ അപേക്ഷിച്ച് സംരംഭകർക്കുള്ള ബിസിനസ് വായ്പകളിൽ വൻ വർധന

**കൊച്ചി:** രാജ്യത്തെ വാണിജ്യ സ്ഥാപനങ്ങളെ അപേക്ഷിച്ച് വ്യക്തിഗത ബിസിനസ് വായ്പകളിൽ വലിയ വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും ഇന്ത്യയുടെ വാണിജ്യ വായ്പാ വിപണിയിൽ കാര്യമായ മാറ്റങ്ങളാണ് പ്രകടമാകുന്നതെന്നും കാണിക്കുന്ന റിപ്പോർട്ട് പുറത്ത്. ട്രാൻസ്യൂണിയൻ സിബിലും സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യയും സംയുക്തമായി പുറത്തിറക്കിയ ഏറ്റവും പുതിയ എംഎസ്എംഇ പൾസ് റിപ്പോർട്ടിന്റേതാണ് പഠനം.




2023 മാർച്ച് മുതൽ 2026 മാർച്ച് വരെയുള്ള മൂന്ന് വർഷ കാലയളവിൽ വ്യക്തിഗത ബിസിനസ് വായ്പകൾ 1.8 മടങ്ങ് വർധിച്ചപ്പോൾ വാണിജ്യ സ്ഥാപനങ്ങളുടെ വായ്പകൾ 1.5 മടങ്ങ് മാത്രമാണ് വർധിച്ചത്. മൊത്തം വാണിജ്യ വായ്പകളിൽ 28 ശതമാനം വ്യക്തിഗത വായ്പകളും 72 ശതമാനം സ്ഥാപനങ്ങൾക്കുള്ള വായ്പകളുമാണ്. 2026 മാർച്ചിലെ കണക്കുകൾ പ്രകാരം 4.4 കോടി സജീവ വാണിജ്യ ഇടപാടുകളിലായി മൊത്തം വാണിജ്യ വായ്പാ കുടിശ്ശിക 65.8 ലക്ഷം കോടി രൂപയിലെത്തി. 2025 മാർച്ചിലെ 57.9 ലക്ഷം കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 14 ശതമാനത്തിന്റെ വാർഷിക വളർച്ചയാണ് കാണിക്കുന്നത്.

എംഎസ്എംഇകൾക്കുള്ള വായ്പാ ലഭ്യത വിപുലീകരിക്കാൻ ഇനിയും വലിയ സാധ്യതകളുണ്ട്; വാണിജ്യ സ്ഥാപനങ്ങളിൽ 41 ശതമാനം പേർക്ക് മാത്രമേ നിലവിൽ ഔദ്യോഗിക വായ്പാ സൗകര്യങ്ങൾ ലഭിക്കുന്നുള്ളൂ. മൊത്തത്തിലുള്ള വാണിജ്യ പോർട്ട്ഫോളിയോ 2026 മാർച്ച് വരെ 1.8 ശതമാനം എന്ന നിലയിൽ സുസ്ഥിരമായി തുടരുന്നു.

2026 മാർച്ച് വരെയുള്ള കണക്കുകൾ പ്രകാരം 2.8 കോടി വ്യക്തികൾക്ക് സജീവമായ ബിസിനസ്സ് വായ്പകൾ ഉണ്ടായിരുന്നു. ഇതിൽ 43 ശതമാനം പേരും 24 മാസത്തിൽ താഴെ മാത്രം വായ്പാ ചരിത്രമുള്ള തുടക്കക്കാരായ വാണിജ്യ സ്ഥാപനങ്ങളാണ്. ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളുടെ മൊത്തം വാണിജ്യ കുടിശ്ശികയുടെ 48 ശതമാനം വ്യക്തിഗത വായ്പക്കാരുടേതാണ്. സ്വകാര്യ ബാങ്കുകളുടെ കാര്യത്തിൽ ഇത് 24 ശതമാനം ആണ്.

വസ്തു ഈടിന്മേലുള്ള വായ്പകളിൽ 68 ശതമാനം വ്യക്തിഗത വായ്പക്കാരാണ്. വാണിജ്യ വാഹന വായ്പകളിൽ ഇത് 76 ശതമാനം വരും. ഈടില്ലാത്ത ബിസിനസ് വായ്പകളിൽ 67 ശതമാനവും വ്യക്തികളാണ് എടുത്തിട്ടുള്ളത്.




# എം.എസ്.എം.ഇ.കൾക്ക് കരുത്തേകാൻ ഐ.സി.എ.ആർ.സിഫ്റ്റും കെ.ഐ.ഇ.ഡി.യും തമ്മിൽ ധാരണാപത്രം ഒപ്പുവെച്ചു

**കൊച്ചി:** കേന്ദ്ര സർക്കാരിന്റെ റാംപ് പദ്ധതിക്ക് കീഴിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിനായി, കൊച്ചിയിലെ ഐ.സി.എ.ആർ.സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയും , എറണാകുളത്തെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഒന്റർപ്രണർഷിപ്പ് ഡെവലപ്മെന്റും തമ്മിൽ ധാരണാപത്രം ഒപ്പുവെച്ചു. ബഹുമാനപ്പെട്ട കേരള ഫിഷറീസ് വകുപ്പ് മന്ത്രി വി. ഇ. അബ്ദുൾ ഗഫൂറിന്റെ സാന്നിധ്യത്തിലാണ് ധാരണാപത്രം കൈമാറിയത്.

ഈ സഹകരണത്തിലൂടെ, മത്സ്യബന്ധനസമുദ്രോത്പന്ന സംസ്കരണ മേഖലയിലെ എം.എസ്.എം.ഇ.കൾക്ക് ശേഷി വികസനവും കൺസൾട്ടൻസി സേവനങ്ങളും ഉൾപ്പെടെയുള്ള വിപുലമായ സാങ്കേതിക വൈദഗ്ധ്യവും പിന്തുണയും സിഫ്റ്റ് ലഭ്യമാക്കും. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കെ.ഐ.ഇ.ഡി. ഈ സേവനങ്ങളുടെ ഏകോപനവും വികേന്ദ്രീകരണവും ഉറപ്പാക്കുകയും റാംപ് പദ്ധതിക്ക് കീഴിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യും.

ഈ പദ്ധതി പ്രകാരം, സിഫ്റ്റിൽ നിന്ന് സാങ്കേതിക സഹായം തേടുന്ന സംരംഭകർക്കും ഇൻകുബേറ്ററുകൾക്കും ടെക്നോളജി ഫീസിനത്തിൽ 1.5 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം നൽകാൻ കെ.ഐ.ഇ.ഡി.ക്ക് സാധിക്കും. ഇത് സംരംഭങ്ങൾക്ക് തങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും ആധുനിക സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിനും സഹായകരമാകും.

ഡോ. സി.ഒ. മോഹൻ, ഡോ. രമ്യ എസ്, ഡോ. പാർവ്വതി യു, ശ്രീജിത്ത് എസ്. എന്നിവരടങ്ങുന്ന സിഫ്റ്റിലെ ശാസ്ത്രജ്ഞരുടെ സംഘമാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

ഗവേഷണവും വ്യവസായവും തമ്മിലുള്ള അകലം കുറയ്ക്കുന്നതിലൂടെ സമുദ്രോത്പന്ന മേഖലയിലെ ഉൽപ്പാദനക്ഷമത, ഗുണനിലവാരം, നവീകരണങ്ങൾ എന്നിവ മെച്ചപ്പെടുത്താനും എം.എസ്.എം.ഇ. ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്താനും ഈ പങ്കാളിത്തം വഴിയൊരുക്കും. കേരളത്തിൽ സാങ്കേതികവിദ്യാധിഷ്ഠിത സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിലെ സുപ്രധാനമായ ചുവടുവെപ്പു കൂടിയാണിത്.

# അർത്ഥ ഭാരത് ആദ്യ സ്വർണ്ണ ഫണ്ട് പുറത്തിറക്കി

**കൊച്ചി:** ഇന്ത്യയുടെ പ്രമുഖ സാമ്പത്തിക കേന്ദ്രത്തിലെ പ്രമുഖ ഫണ്ട് മാനേജ്മെന്റ് സ്ഥാപനമായ അർത്ഥ ഭാരത് ഇൻവെസ്റ്റ്മെന്റ് മാനേജേഴ്സ് പുറത്തിറക്കുന്ന ആദ്യ ഫിസിക്കൽ കമ്മോഡിറ്റി ഫണ്ടും ആദ്യ സ്വർണ്ണ ഫണ്ടുമായ അർത്ഥ ഭാരത് ഫിൻമെറ്റ് ഫിസിക്കൽ ഗോൾഡ് ഫണ്ട് പുറത്തിറക്കി. 2026 ജനുവരി മുതൽ കമ്മോഡിറ്റി ട്രേഡിംഗ് ഒരു സാമ്പത്തിക ഉൽപ്പന്നമായി പ്രഖ്യാപിച്ചതിന് പിന്നാലെയാണ് ഫണ്ടിന്റെ പ്രകാശനം.

'ഈ മേഖലയിലെ ഏറ്റവും മികച്ച ഐഎഫ്സിഎസ്ആയി ഗിഫ്റ്റ് സിറ്റിയെ സ്ഥാപിക്കാൻ സഹായിക്കുന്ന ഉൽപ്പന്ന വിതരണത്തിൽ നൂതനമായ കാര്യങ്ങൾ പ്രോത്സാഹിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന ശക്തമായ നിയന്ത്രണ ചട്ടക്കൂട് വികസിപ്പിക്കുന്നതിനായി വ്യവസായവുമായി സഹകരിച്ചതിന് ഇന്റർനാഷണൽ ഫിനാൻഷ്യൽ സർവീസസ് അതോറിറ്റിക്ക് ഞങ്ങൾ നന്ദി പറയുന്നു, മാനേജിംഗ് പാർട്ണർ സച്ചിൻ സാവ്രിക്കർ പറഞ്ഞു.

ഓപ്പൺഎൻഡ്, പാസ്സീവ് ആയി കൈകാര്യം ചെയ്യുന്ന ഈ ഫണ്ട്, സിംഗപ്പൂർ ആസ്ഥാനമായുള്ള വിലയേറിയ ലോഹങ്ങളുടെ വിദഗ്ദ്ധരായ ഫിൻമെറ്റുമായി സഹകരിച്ചാണ് പുറത്തിറക്കിയിരിക്കുന്നത്. നിക്ഷേപ ഉപദേഷ്ടാവായി ഫിൻമെറ്റ് പ്രവർത്തിക്കുന്നു. സ്വർണ്ണത്തിന്റെ അന്താരാഷ്ട്ര സ്പോട്ട് വിലകൾ ഏറ്റവും കുറഞ്ഞ ട്രാക്കിംഗ് പിഴവോടെ ട്രാക്ക് ചെയ്യുന്നതിനാണ് ഈ സ്കീം രൂപകൽപ്പന ചെയ്തിരിക്കുന്നത്. അതിന്റെ ആസ്തിയുടെ കുറഞ്ഞത് 95% ഇന്ത്യ ഇന്റർനാഷണൽ ബുള്ളിയൻ എക്സ്ചേഞ്ചിൽ ട്രേഡ് ചെയ്യുന്ന ലണ്ടൻ ബുള്ളിയൻ അസോസിയേഷൻ സ്റ്റാൻഡേർഡ് സ്വർണ്ണ ബാറുകളിൽ നിക്ഷേപിക്കുന്നു.

ഈ ഫണ്ട് പ്രതിവാര സബ്സ്ക്രിപ്ഷനുകളും റിഡംപ്ഷനുകളും വാഗ്ദാനം ചെയ്യുന്നു, ഇത് ഫിസിക്കൽ കമ്മോഡിറ്റി അടിസ്ഥാനമാക്കിയുള്ള ഫണ്ട് ഘടനകളിൽ അപൂർവ്വമായി ലഭ്യമായ ദ്രവ്യത നിക്ഷേപകർക്ക് നൽകുന്നു. അർത്ഥ ഭാരത് ഫിൻമെറ്റ് ഫിസിക്കൽ ഗോൾഡ് ഫണ്ടിന് പ്രതിവർഷം 0.65% എന്ന വളരെ മത്സരശേഷിയുള്ള മൊത്തം ചെലവ് അനുപാതവും ഉണ്ട്.

ജനുവരിയിലെ എക്കാലത്തെയും ഉയർന്ന നിരക്കിൽ നിന്ന് ഏകദേശം 28% താഴ്ന്ന നിലയിൽ സ്വർണ്ണം നിലവിൽ ട്രേഡ് ചെയ്യുന്നതിനാൽ, ഇടത്തരം മുതൽ ദീർഘകാല നിക്ഷേപകർക്ക് ഇതൊരു തന്ത്രപരമായ പ്രവേശന പോയിന്റാണെന്ന് അർത്ഥ ഭാരത് കാണുന്നു. ലോകത്തിലെ ഏറ്റവും വലിയ രണ്ട് മുതൽ മൂന്ന് വരെ സ്വർണ്ണ ഉപഭോക്താക്കളിൽ ഒന്നാണ് ഇന്ത്യ. ഒരു മൂലധന സംഭരണമായും അത്യാവശ്യഘട്ടങ്ങളിൽ ഇൻഷുറൻസായും സ്വർണ്ണത്തിൽ നിക്ഷേപിക്കാൻ ഇന്ത്യൻ വീട്ടമ്മമാർക്കുള്ള പരമ്പരാഗത ജ്ഞാനം പ്രേരിപ്പിക്കുന്നു. കഴിഞ്ഞ 10 വർഷത്തിനിടയിൽ 13.7%, കഴിഞ്ഞ 5 വർഷത്തിനിടയിൽ 20.4%, കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഏകദേശം 20% (30 ജൂൺ 2026 പ്രകാരം) എന്നിങ്ങനെ ഗംഭീരമായ നേട്ടങ്ങൾ സ്വർണ്ണം നിക്ഷേപകർക്ക് നൽകിയിട്ടുണ്ട്.

'ഏതൊരു പോർട്ട്ഫോളിയോയിലും ഒഴിച്ചുകൂടാനാവാത്ത മൂന്ന് ഘടനാപരമായ ഗുണങ്ങൾ സ്വർണ്ണം വാഗ്ദാനം ചെയ്യുന്നു: ഓഹരികളുമായി ഏകദേശം പൂജ്യം ബന്ധം, കൗണ്ടർപാർട്ടി, നിരോധന റിസ്ക് എന്നിവയിൽ നിന്ന് മുക്തി, മത്സരപരവും ദീർഘകാലവുമായ നേട്ടങ്ങൾ,' സാവ്രിക്കർ പറഞ്ഞു.

ഫിൻമെറ്റ്, ആഗോള ബുള്ളിയൻ നെറ്റ്വർക്ക് ലഭ്യതയിൽ വലിയ പങ്കു വഹിക്കുന്നു, കകആത ട്രേഡിംഗ് പ്രോട്ടോക്കോളുകൾ, ഘആങഅ വിലനിർണ്ണയം, സെൻട്രൽ ബാങ്ക് പ്രവർത്തനം എന്നിവയിൽ ഫണ്ടിന് ഉപദേശം നൽകുന്നു. ഈ സ്കീം പ്രതിവാര സബ്സ്ക്രിപ്ഷനുകളും റിഡംപ്ഷനുകളും വാഗ്ദാനം ചെയ്യും, ഇത് ഉയർന്ന നിലവാരമുള്ള സുരക്ഷയോടൊപ്പം ദ്രവ്യതയും നൽകുന്നു.

# കോട്ടക് ഹൗസ്‌ല 2.0 അവതരിപ്പിച്ചു

**കൊച്ചി:**കഴിഞ്ഞ വർഷം അവതരിപ്പിച്ച 'ഹൗസ്‌ല ഹേ തോ ഹോ ജായേഗാ' എന്ന ആശയത്തിന്റെ തുടർച്ചയായി കോട്ടക് മഹീന്ദ്ര ബാങ്ക് 'ഹൗസ്‌ല 2.0' പുറത്തിറക്കി. 'നിങ്ങൾക്ക് വ്യത്യസ്തമായ ഒരു സ്വപ്നമുണ്ടെങ്കിൽ, അത് യാഥാർത്ഥ്യമാക്കാൻ നിങ്ങളോടൊപ്പം കോട്ടക് ഉണ്ട്' എന്നതാണ് ഇതിന്റെ പ്രമേയം.




2025ൽ അവതരിപ്പിച്ച 'ഹൗസ്‌ല ഹേ തോ ഹോ ജായേഗാ' എന്ന ആശയം ആധുനിക ഇന്ത്യയുടെ മനോഭാവത്തെ പ്രതിഫലിപ്പിക്കുന്നതായിരുന്നു. വിവിധ തൊഴിലുകളിലും നഗരങ്ങളിലും തലമുറകളിലുമുള്ള ഇന്നത്തെ ഇന്ത്യക്കാർ വലിയ സ്വപ്നങ്ങൾ കാണുകയും, കൂടുതൽ ഉയരങ്ങൾ ലക്ഷ്യമിടുകയും, മുൻതലമുറകൾ ചിന്തിച്ചിട്ടില്ലാത്ത സാധ്യതകൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

ഈ പശ്ചാത്തലത്തിലാണ് 'ഹൗസ്‌ല 2.0' പുറത്തിറക്കിയിരിക്കുന്നത്.

'ഹൗസ്‌ല 2.0'ലൂടെ ആളുകൾക്ക് അവരുടെ സ്വപ്നങ്ങൾ പിന്തുടരാൻ ആവശ്യമായ ധൈര്യവും നിശ്ചയദാർഢ്യവും നൽകാനാണ് ബാങ്ക് ലക്ഷ്യമിടുന്നത്. അർത്ഥവത്തായ പുരോഗതി പലപ്പോഴും ധൈര്യത്തെ ആശ്രയിച്ചിരിക്കുന്നു. ആളുകൾക്ക് വലിയ സ്വപ്നങ്ങൾ മാത്രമല്ല, അവ യാഥാർത്ഥ്യമാക്കാനുള്ള നിശ്ചയദാർഢ്യവും ആവശ്യമാണെന്ന് കോട്ടക് വിശ്വസിക്കുന്നു. ആ അർത്ഥത്തിൽ, അഭിലാഷത്തിനും പ്രവർത്തനത്തിനുമിടയിലുള്ള പാലമാണ് 'ഹൗസ്‌ല'.

'അർത്ഥവത്തായ കാര്യങ്ങൾ സൃഷ്ടിക്കാൻ സാധിക്കുന്ന സാഹസികമായ തീരുമാനങ്ങളെയും വളർച്ചാ അഭിലാഷങ്ങളെയും പിന്തുണയ്ക്കാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ആളുകളുടെ വലിയ ആശയങ്ങൾ യാഥാർത്ഥ്യമാകുന്നത് കാണാൻ ഇന്ത്യക്കാർ ആഗ്രഹിക്കുന്നുണ്ടെങ്കിലും പലപ്പോഴും മടി തടസ്സമായി നിൽക്കാറുണ്ട്. ആ തടസ്സം നീക്കി, ആശയങ്ങളെ ജീവിതത്തിലേക്ക് കൊണ്ടുവരാൻ ആളുകളെ സഹായിക്കാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നതെന്ന് കോട്ടക് മഹീന്ദ്ര ബാങ്കിന്റെ ബിസിനസ് ബാങ്കിങ് മേധാവിയും ചീഫ് മാർക്കറ്റിങ് ഓഫീസറുമായ രോഹിത് റാവു പറഞ്ഞു.

'ഇന്നത്തെ ഇന്ത്യയിൽ അഭിലാഷങ്ങൾ ധാരാളമുണ്ട്. എന്നാൽ ഈ അഭിലാഷങ്ങളെ പ്രവർത്തനമാക്കി മാറ്റാനുള്ള നിശ്ചയദാർഢ്യമാണ് പ്രധാനം. ആളുകൾ വലിയ സ്വപ്നങ്ങൾ കാണുമ്പോഴും തീരുമാനങ്ങൾ എടുക്കാൻ മടിക്കുന്നു. ഈ മനുഷ്യസഹജമായ മടി മാറ്റി, വ്യക്തികൾ അർത്ഥവത്തായ പുരോഗതിയിലേക്ക് കാലെടുത്തു വെക്കുന്നത് ഉറപ്പാക്കുക എന്നതാണ് 'ഹൗസ്‌ല 2.0' മുന്നോട്ട് വെക്കുന്ന വിശ്വാസമെന്ന് കാർഡ്‌വിൻഡ് ക്രിയേറ്റീവ് കൺസൾട്ടൻസിയുടെ സി.ഇ.ഒ രാമകൃഷ്ണ ദേവരാജ് പറഞ്ഞു.

പ്രത്യേകിച്ച്, ഇന്ത്യക്കാർ കൂടുതൽ വലിയ തോതിൽ നിർമ്മിക്കാനും സൃഷ്ടിക്കാനും ആഗ്രഹിക്കുന്ന സാഹചര്യത്തിൽ, ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിലൂടെ രാജ്യത്തിന്റെ സ്വയംപര്യാപ്തതയിലേക്കുള്ള യാത്രയ്ക്ക് സംഭാവന നൽകാനും, അല്ലെങ്കിൽ മാറിക്കൊണ്ടിരിക്കുന്ന ആഗോള സാമ്പത്തിക സാഹചര്യത്തിൽ ഉയർന്നു വരുന്ന അവസരങ്ങൾ മുതലെടുക്കാനും ക്യാമ്പയിൻ ഊന്നൽ നൽകുന്നു.

## രാജ്യത്തെ ആദ്യ ഗ്രീൻഫീൽഡ് സംയോജിത റിഫൈനറിപെട്രോകെമിക്കൽ സമുച്ചയം രാജ്യത്തിന് സമർപ്പിച്ചു

**ബലോത്ര:** രാജ്യത്തെ ആദ്യ ഗ്രീൻഫീൽഡ് സംയോജിത റിഫൈനറിപെട്രോകെമിക്കൽ സമുച്ചയം രാജസ്ഥാനിലെ ബലോത്ര ജില്ലയിലെ പച്പദ്രയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തിന് സമർപ്പിച്ചു. 79,450 കോടി രൂപ ചെലവിൽ നിർമിച്ച ഈ മെഗാ പദ്ധതി ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡും (എച്ച്പിസിഎൽ) രാജസ്ഥാൻ സർക്കാരും സംയുക്തമായാണ് വികസിപ്പിച്ചത്. പ്രതിവർഷം 90 ലക്ഷം മെട്രിക് ടൺ (9 എംഎംടിപിഎ) ക്രൂഡ് ഓയിൽ ശുദ്ധീകരിക്കാനും, 24 ലക്ഷം മെട്രിക് ടൺ പെട്രോകെമിക്കൽ ഉൽപ്പന്നങ്ങൾ നിർമിക്കാനുമുള്ള ശേഷിയാണ് സമുച്ചയത്തിനുള്ളത്.

ആധുനിക റിഫൈനിംഗ് സാങ്കേതികവിദ്യയും പെട്രോകെമിക്കൽ ഉൽപ്പാദനവും സംയോജിപ്പിച്ച ഈ പദ്ധതി രാജ്യത്തിന്റെ ഊർജസുരക്ഷയും പെട്രോകെമിക്കൽ സ്വയംപര്യാപ്തതയും ശക്തിപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിക്കുമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചു. റിഫൈനറിയെ കേന്ദ്രീകരിച്ച് പെട്രോകെമിക്കൽ, പ്ലാസ്റ്റിക് വ്യവസായങ്ങൾ വികസിക്കുമെന്നും ഇതുവഴി അനുബന്ധ വ്യവസായങ്ങൾക്കും വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും പ്രതീക്ഷിക്കുന്നു. രാജസ്ഥാനിലെ വ്യവസായ വികസനത്തിന് പുതിയ ഉണർവ് നൽകുന്ന പദ്ധതിയായാണ് ഇതിനെ വിലയിരുത്തുന്നത്.




## ഗോദ്റെജ് നിൻജ പെറ്റ് ഫുഡ് ബ്രാൻഡ് അവതരിപ്പിച്ചു

**കൊച്ചി:** ഗോദ്റെജ് കൺസ്യൂമർ പ്രോഡക്ട്സ് ലിമിറ്റഡിന്റെ ഉപസ്ഥാപനമായ ഗോദ്റെജ് പെറ്റ് കെയറിന്റെ ഗോദ്റെജ് നിൻജ കേരളത്തിൽ അവതരിപ്പിച്ചു. ഇതോടെ നായ്ക്കൾക്ക് ശാസ്ത്രീയമായി തയ്യാറാക്കിയ ഗോദ്റെജ് നിൻജ ഉൽപ്പന്നങ്ങൾ ഇനി മുതൽ കേരളം, കർണാടക, ആന്ധ്രാപ്രദേശ്, തെലങ്കാന എന്നിവിടങ്ങളിലും ലഭിക്കും.

നായ്ക്കളുടെ ഉദരസംബന്ധമായ ആരോഗ്യവും പ്രതിരോധശേഷിയും വർദ്ധിപ്പിക്കുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ് ഈ ഉൽപ്പന്നം. ദക്ഷിണേന്ത്യയിലെ പെറ്റ് ഫുഡ് വിപണി 1,800 മുതൽ 2,000 കോടി രൂപ വരെയാണ്. ദേശീയ പെറ്റ് ഫുഡ് വിൽപ്പനയിൽ 15 ശതമാനം കർണാടക, 8 ശതമാനം ആന്ധ്രാപ്രദേശ് & തെലങ്കാന, 8 ശതമാനം തമിഴ്നാട്, 5 ശതമാനം കേരളം എന്നിവിടങ്ങളിലാണ്.

മുതിർന്ന നായ്ക്കൾക്കുള്ള ഗോദ്റെജ് നിൻജയ്ക്ക് 100 ഗ്രാമിന് 20 രൂപയും ഒരു കിലോയ്ക്ക് 199 രൂപയും 3 കിലോയ്ക്ക് 499 രൂപയുമാണ് വില. നായ്ക്കുട്ടികൾക്കുള്ള ഗോദ്റെജ് നിൻജയ്ക്ക് 100 ഗ്രാമിന് 20 രൂപ, ഒരു കിലോയ്ക്ക് 219 രൂപ, മൂന്ന് കിലോയ്ക്ക് 549 രൂപ എന്നിങ്ങനെയാണ് വില.